**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1663** **11-09-2023 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ സർവ്വേ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര വില്ലേജുകളിൽ സർവ്വേ നടപടികൾ പൂർത്തിയായി എന്നും എത്ര വില്ലേജുകളിൽ സർവ്വേ നടപടികൾ നടന്നുവരുന്നുണ്ടെന്നും വിശദമാക്കാമോ; | (എ) | സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ 922 വില്ലേജുകളുടെ റീസർവ്വെ ജോലികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ രീതിയിൽ ഐ.ടി അധിഷ്ഠിത സേവനം ജനങ്ങൾക്ക് ലഭ്യമാക്കുക, ഇനിയൊരു റീസർവ്വെ ആവശ്യമില്ലാത്ത വിധം മാപ്പുകൾ നാളതീകരിച്ച് പരിപാലിക്കുക, നിലവിലെ പോരായ്മകൾ പരിഹരിച്ച് കുറ്റമറ്റ സർവ്വെ റിക്കാർഡുകൾ തയ്യാറാക്കുക തുടങ്ങിയ ലക്ഷ്യത്തോടെ സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ നിലവിൽ ഡിജിറ്റലായി സർവ്വെ പൂർത്തിയാക്കിയിട്ടുള്ളതും പുരോഗതിയിലുള്ളതുമായ 116 വില്ലേജുകളൊഴികെ ശേഷിക്കുന്ന 1550 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വെ നാല് വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനുള്ള 858.42 കോടി രൂപയുടെ ബൃഹത് പദ്ധതിയായ ഡിജിറ്റൽ സർവ്വെയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും നാലാം വർഷം 350 വില്ലേജുകളും ഉൾപ്പെടെയാണ് ആകെ 1550 വില്ലേജുകൾ കണക്കാക്കിയിരിക്കുന്നത്. ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 200 വില്ലേജുകളിൽ 32 വില്ലേജുകളുടെ സർവ്വെ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് തുടർ നടപടികൾ പുരോഗതിയിലാണ്. പ്രസ്തുത 200 വില്ലേജുകളിലായി 131373 ഹെക്ടർ പുരോഗതി ആർജ്ജിച്ചിട്ടുണ്ട്. രണ്ടാംഘട്ട 200 വില്ലേജുകളുടെ പ്രാരംഭ ജോലികൾ നടന്നുവരുന്നു. |
| (ബി) | കാസർഗോഡ് ജില്ലയിലെ സർവ്വേ നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | കാസർഗോഡ് ജില്ലയിലെ 26 വില്ലേജുകളിൽ റീസർവ്വെ നടപടികൾ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതാണ്.<br><br>ഡിജിറ്റൽ സർവ്വെ പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിലെ 18 വില്ലേജുകളുടെ സർവ്വെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനമാണ് ആരംഭിച്ചിട്ടുള്ളത്. ഇതിൽ മാതൃകാ വില്ലേജായി തെരഞ്ഞെടുത്ത ഉജാറുൾവാർ വില്ലേജിൽ കേരള സർവ്വെ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. കാസർഗോഡ് ജില്ലയിൽ ഡിജിറ്റൽ റീസർവ്വെ പ്രകാരം 8,462.0253 ഹെക്ടർ (05.08.2023 വരെ) ഭൂമിയുടെ സർവ്വെ നിർവ്വഹിച്ചിട്ടുണ്ട്. |
| (സി) | സർവ്വേ നടപടികൾ സ്വീകരിച്ച വില്ലേജുകളിൽ ആയതിലെ അപാകതകൾ സംബന്ധിച്ച് കാസർഗോഡ് ജില്ലയിൽ നിന്നും ലഭിച്ച പരാതികളുടെ എണ്ണവും അതിൽ പരിഹരിച്ച പരാതികൾ എത്രയെന്നും ബാക്കിയുള്ളവ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വില്ലേജുകൾ തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | കാസർഗോഡ് ജില്ലയിൽ റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയ 26 വില്ലേജുകളിൽ റീസർവ്വെ അപാകത സംബന്ധിച്ച് ലഭിച്ച പരാതിയുടെ എണ്ണം, അതിൽ പരിഹരിച്ച പരാതികൾ, പരിഹരിക്കാൻ ബാക്കിയുള്ളവ എന്നിവയുടെ വില്ലേജ് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## കാസർഗോഡ് ജില്ലയിലെ റീസർവ്വെ അപാകത സംബന്ധിച്ച് ലഭിച്ച പരാതികളുടെ വില്ലേജ് തിരിച്ചുള്ള വിവരം

| ക്രമ നമ്പർ | വില്ലേജിന്റെ പേര് | ആകെ ലഭിച്ച പരാതികളുടെ എണ്ണം | തീർപ്പാക്കിയ പരാതികളുടെ എണ്ണം | ബാക്കിയുള്ള പരാതികളുടെ എണ്ണം |
|---|---|---|---|---|
| 1 | കണ്ണൂർ | 1904 | 1831 | 73 |
| 2 | കോയിപ്പാടി | 5685 | 5309 | 376 |
| 3 | ഇച്ചിലംപാടി | 1527 | 1417 | 110 |
| 4 | ഉപ്പള | 960 | 818 | 142 |
| 5 | മംഗൽപാടി | 2187 | 2020 | 167 |
| 6 | മുളിഞ്ച | 468 | 436 | 32 |
| 7 | കൊടിബയൽ | 718 | 669 | 49 |
| 8 | മൊഗ്രാൽ | 893 | 850 | 43 |
| 9 | ബല്ല | 4707 | 4000 | 707 |
| 10 | പുതുക്കൈ | 1666 | 200 | 1466 |
| 11 | ഹോസ്ദുർഗ്ഗ് | 1662 | 1658 | 4 |
| 12 | ചിത്താരി | 2456 | 2310 | 146 |
| 13 | കീക്കാൻ | 840 | 780 | 60 |
| 14 | ചെറുവത്തൂർ | 206 | 74 | 132 |
| 15 | തുരുത്തി | 109 | 42 | 67 |
| 16 | പിലിക്കോട് | 108 | 47 | 61 |
| 17 | മാണിയാട്ട് | 56 | 28 | 28 |
| 18 | അജാനൂർ | 247 | 94 | 153 |
| 19 | പള്ളിക്കര | 75 | 59 | 16 |
| 20 | കോട്ടിക്കുളം | 58 | 43 | 15 |
| 21 | ഉദുമ | 34 | 19 | 15 |
| 22 | മധൂർ | 3134 | 2957 | 177 |
| 23 | പട്ട്ള | 653 | 612 | 41 |
| 24 | കുഡ് ലു | 6267 | 6164 | 103 |
| 25 | പുത്തൂർ | 5417 | 5321 | 96 |
| 26 | ഷിറിബാഗിലു | 2197 | 2174 | 23 |

സെക്ഷൻ ഓഫീസർ.